## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3411** — **21-12-2012 - ലെ മറുപടിയ്ക്ക്**

## നാളികേര സംഭരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി ഭവനുകൾ വഴി കൃഷിക്കാരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള പദ്ധതിയ്ക്ക് സ.ഉ.(എം.എസ്) നം.279/12/കൃഷി തീയതി 10-12-12 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കിലോയ്ക്ക് 14 രൂപ നിരക്കിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെടുന്ന 600 കൃഷി ഭവനുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടത്തിപ്പിന് ആവശ്യമായ 21 കോടി രൂപയിൽ 8 കോടി രൂപ കൃഷി വകുപ്പിന് അധികമായി ധനസഹായമായും ബാക്കി 13 കോടി രൂപ കൃഷി വകുപ്പിന്റെ 2012-13 വർഷത്തിലെ വിവിധ പദ്ധതികൾക്കായി മാറ്റി വച്ചിരിയ്ക്കുന്ന തുകയിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴിയും Market Intervention for Price Stabilisation '2435-01-101-85' എന്ന ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുന്നതാണ്. |
| (ബി) പൊതിച്ചതേങ്ങ കിലോയ്ക്ക് എത്ര രൂപ നിരക്കിലാണ് സംഭരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) | പൊതിച്ച തേങ്ങ കിലോയ്ക്ക് 14 രൂപ നിരക്കിലാണ് സംഭരിക്കുന്നത്. |
| (സി) കേരളത്തിൽ ഏതൊക്കെ കേന്ദ്രങ്ങളിലാണ് പച്ചത്തേങ്ങ ഇപ്പോൾ സംഭരിക്കാൻ ഉദ്ദേശിക്കുന്നത് ; | (സി) & (ഡി) | പദ്ധതി നടത്തിപ്പിനായി കൃഷി ഭവനുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ഡി) നാദാപുരം മണ്ഡലത്തിൽ ഏതൊക്കെ കേന്ദ്രങ്ങളിലാണ് പച്ചത്തേങ്ങ സംഭരിക്കാൻ ഉദ്ദേശിക്കുന്നത്? | | |

**സെക്ഷൻ ഓഫീസർ**